കൃഷിക്കു് P. T. B. 9, P. T. B. 20, P. T. B. 22, P. T. B. 26, P. T. B. 3, എന്നീ വിത്തുകളും മുണ്ടകൻ കൃഷിക്കു് P. T. B. 4, P. T. B. 12, P. T. B. 20. C. O. 25 എന്നീ വിത്തുകളും ഉണ്ടാകുന്നുണ്ടു്.

(സി) ഇരുപ്പപൂച്ചെമ്പ (P. T. B. 31), ചിറേറനി (P. T. B. 12) തവളക്കണ്ണൻ (P. T. B. 9), Co. 25 എന്നിവയാകുന്നു. ഇവയുടെ വിത്തു് സീഡ്ഫാംസിൽനിന്നു് ലഭിക്കുന്നതാണു്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഹോം ഗാർഡുകൾ.

* 82. [42] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ഇപ്പോൾ എത്ര ഹോം ഗാർഡുകളുണ്ടു്;

(ബി) ഓരോ ഡിസ്ട്രിക്ടിലും എത്ര വീതം ഉണ്ടെന്നു പറയുമോ ;

(സി) കേരള ഹോംഗാർഡു് വിപുലീകരിക്കുന്നതിനു് ഉദ്ദേശമുണ്ടോ

(ഡി) ഉണ്ടെങ്കിൽ ഏതു് തരത്തിൽ ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ):

(എ) 3975 (മൂവ്വായിരത്തിതൊള്ളായിരത്തി എഴുപത്തഞ്ചു)

(ബി)

തിരുവനന്തപുരം	572
കൊല്ലം	454
ആലപ്പുഴ	418
കോട്ടയം	482
എറണാകുളം	458
തൃശ്ശൂർ	449
പാലക്കാടു്	343
കോഴിക്കോടു്	369
കണ്ണൂർ	430

(സി, ഡി) ഹോം ഗാർഡ്സു് സംഘടനയിൽ പുരുഷന്മാർ ഉൾക്കൊള്ളുന്ന വിഭാഗത്തിൽ വാളണ്ടിയർമാരുടെ സംഖ്യ 4428 ആയി ഉയർത്തുവാനും ഓരോ ജില്ലയിലും ഓരോ പ്ലാറ്റൂൺ വീതം ഒരു വനിതാവിഭാഗം സംഘടിപ്പിക്കുവാനും ഉദ്ദേശിക്കുന്നുണ്ടു്.

അപ്പ്ഗ്രേഡ്ചെയ്യുന്ന ആശുപത്രികൾ

* 83. [46] ശ്രീ. എൻ. കുഞ്ഞുരാമൻ: തഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവനന്തപുരം ഡിസ്ട്രിക്ടിൽ ഏതെല്ലാം ഗവണ്മെൻറാശുപത്രികൾ അപ്പ്ഗ്രേഡ്ചെയ്യാൻ ഉദ്ദേശിക്കുന്നു ;

(ബി) വാമനപുരം വില്ലേജിൽ കല്ലറ ആശുപത്രി സ്ഥാപിച്ചിട്ടു് എത്രകൊല്ലമായി, അവിടെ ഇപ്പോൾ എത്ര ബഡ്ഡ് ഉണ്ടു്;

(സി) പ്രസവവാർഡുണ്ടോ ;

(ഡി) കൂടുതൽ ബഡ്ഡും കെട്ടിടസൗകര്യവും ഉണ്ടാക്കുന്നതിനും പ്രസവവാർഡു് കെട്ടുന്നതിനും ഉടനടി നടപടിയെടുക്കാൻ ദയവുണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) 1964–65-ലെ ബഡ്ജറ്റിൽ ഇതിനുവേണ്ടി എത്രയുക വകയിരുത്തുവാൻ സാധിക്കുമെന്ന അറിഞ്ഞശേഷമേ പറയാൻ നിർവാഹമുള്ളൂ.

(ബി) കല്ലറ പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിച്ചതു് 1–4–1956–ൽ. ഇപ്പോഴും രണ്ടു് ബഡ്ഡുകളുണ്ടു്.

(സി) ഇല്ല.

(ഡി) ബഡ്ജറ്റിൽ ഇതിനുവേണ്ടി തുകയില്ലാത്തതിനാൽ ഉടനടി നടപടി എടുക്കാൻ നിവൃത്തിയില്ല.

UNSTARRED QUESTIONS AND ANSWERS

റോഡിനുവേണ്ടിയുള്ള നിവേദനം

6. [1] ശ്രീ. കെ. ആർ. വിജയൻ : താഴെ താണ്ണന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർനിന്നും എളപ്പുമാറ്റം എറണാകുളത്തു് എത്താവുന്ന രീതിയിൽ തുണ്ടത്തുംകടവിൽകൂടി ഒരു റോഡിനു് വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ;

(ബി) ഇപ്രകാരം ഒരു റോഡു പുത്തിയാക്കുന്നതിനു് നിർദ്ദേശം ചീഫ് എഞ്ചിനീയർക്കു് നൽകിയതായി 14–11–1962–ൽ നിവേദകർക്കു് നൽകിയ മറുപടി അനുസരിച്ചു് വല്ല മേൽ നടപടികളും സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു് ?

ഉത്തരം.

(എ) ഉണ്ടു്.

(ബി, സി) ധനദൌർല്ലഭ്യംമൂലം തൽക്കാലം ഈ പണി നടത്തേണ്ടതില്ല എന്നു് പിന്നീടു് തീരുമാനിക്കുകയും ഈ തീരുമാനം നിവേദകരെ അറിയിക്കുകയും ചെയ്തിട്ടുണ്ടു്.

ചെങ്ങമനാടു് സീഡു് ഫാം.

7. [2] ശ്രീ. കെ. ആർ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കൃഷ്യിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങമനാടു സീഡുഫാമിൽ കൃഷിക്കായി കൂലിവേലയ്ക്കു് ആളെ എർപ്പെടുത്താറുണ്ടോ ;

(ബി) സീഡുഫാമിനുവേണ്ടി സ്ഥലം എടുക്കുമ്പോൾ ഒഴിപ്പിച്ച കൃഷിക്കാരുടെ കുടുംബാംഗങ്ങളെ ജോലിയ്ക്കു വിളിക്കണമെന്നുകാണിച്ചു് അവർ വല്ല ഹർജികളും സമർപ്പിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതനുസരിച്ചു് വല്ല നിർദ്ദേശവും ഫാം അധികൃതർക്കു് നൽകിയിട്ടുണ്ടോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly